LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യചാപ്പകം.

330. [8] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ്താലൂക്കിൽ എത്ര മത്സ്യചാപ്പകം തുറന്നിട്ടുണ്ട് ;

(ബി) വക്കല കേന്ദ്രമാക്കി ഒരു മത്സ്യചാപ്പ തുറക്കുന്നതിനെപ്പറ്റിയുള്ള ആലോചന എത്രത്തോളം പുരോഗമിച്ചിട്ടുണ്ട് ;

(സി) വക്കല മത്സ്യചാപ്പ എന്നുമുതൽ പ്രവർത്തനം തുടങ്ങത്തക്കവിധം പൂർത്തിയാകും ?

### ഉത്തരം

(എ) ഒന്ന്

(ബി) വക്കല കേന്ദ്രമാക്കി ഒരു മത്സ്യചാപ്പ തുറക്കണമെന്ന് തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) സഹകരണപ്രദമായ ഒരു കെട്ടിടത്തിന്റെ കാര്യം ആലോചനയിലിരിക്കുകയാണ്. അക്കാര്യം തീർച്ചപ്പെട്ടാലുടനെ ചാപ്പയുടെ പ്രവർത്തനം ആരംഭിക്കുന്നതായിരിക്കും.

## ബസ്സ് സർവ്വീസ്

331. [10] ശ്രീ. പി. എം. മാക്കോസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറവക്കര, കരിമ്പാനി എന്ന സ്ഥലത്തുനിന്നും ഒന്നര മൈൽ അകലമുള്ളതും, വാഴർ പാലാറോഡിൽ ചെന്നുചേരുന്നതുമായ പൂവതിളപ്പുവരെ ബസ്സ് സർവ്വീസ് നീട്ടുന്നതിന് നാട്ടുകാരുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തൽസംബന്ധമായ ഗവണ്മെൻറനയമെന്താണ് ?

### ഉത്തരം.

(എ) കോട്ടയം–മറവക്കര ബസ്സ് സർവീസ് പൂവതിളപ്പുവരെ നീട്ടുന്നതിന് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) തൽസംബന്ധമായി കോട്ടയം റോഡ് ട്രാഫിക് ബോർഡ് അന്വേഷണം നടത്തി വേണ്ടതു ചെയ്യുന്നതാണ്.

## Exports of Minerals.

332. [11] **Shri T. S. Ramaswami:** Will the Chief Minister be pleased to state :

(a) the amount and cost of exports of minerals from the State for the last five years ;

(b) the number and names of contractors of raw sand to the mineral concerns of 54-55 in Chavara and Manavalakurichi;

(c) rate of contract and the amount paid to them in 1954-55 ?